>> സി.എം റഫീഖ് കോക്കൂർ

# ആ പാരിതോഷികവും ഉപേക്ഷിക്കുക

عَنْ عَبْدِ الرَّحْمن بْن سعد السّاعدي رَضِي اللّٰهُ عَنهُ قَالَ: استعمل النّبي ﷺ: رَجُلاً مِن الْأزد يُقَال لَهُ ابْنُ الُّلتبة عَلَى الصّدَقة. فَلَمَّا قدمَ قَالَ: هَذَا لَكُمْ وَهَذَا أهْدي إلَيّ فقَامَ رَسُولُ الله ﷺ عَلَى الْمِنْبَرِ فَحَمِدَ الله وَأَثْنَى عَلَيْهِ ثُمّ قَالَ: أَمَّا بَعْدُ فَإنّي أَسْتَعْمِلُ الرَّجُلَ مِنْكُمْ عَلَى العَمَلِ مما وَلاَّنِي الله فَيَأْتي فَيَقُول: هَذَا لَكُمْ وَهَذَا هَدِيّة أُهْدِيت إلِي أَفَلا جَلَس فِي بَيْتِ أَبِيهِ اَوْ أُمِّهِ حَتَّى تَأْتِيهِ هَدِيته إِن كَان صَادِقًا

അബ്ദുർറഹ്മാനുബ്നു സഅ്ദ് അസ്സാഇദി(റ)യിൽനിന്ന് നിവേദനം: അസ്ദ് ഗോത്രത്തിലെ ഇബ്നുല്ലുത്ബയെ നബി(സ) സകാത്ത് സംഭരണത്തിനായി നിയോഗിച്ചയച്ചു. തിരിച്ചുവന്നപ്പോൾ, 'അതാണ് നിങ്ങളുടേത്, ഇതെനിക്ക് പാരിതോഷികമായി ലഭിച്ചതാണ്' എന്നദ്ദേഹം പറയുകയുണ്ടായി. അന്നേരം പ്രസംഗപീഠത്തിൽ കയറി അല്ലാഹുവിനെ സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്ത ശേഷം പ്രവാചകൻ ഇങ്ങനെ പറഞ്ഞു: "അല്ലാഹു എന്നിലേൽപിച്ച ചില കാര്യങ്ങൾ നടപ്പിലാക്കാൻ നിങ്ങളിലൊരാളെ ഞാൻ ചുമതലപ്പെടുത്തി. അയാൾ തിരിച്ചുവന്നിട്ട് 'ഇത് നിങ്ങൾക്കുള്ളതും, ഇത് എനിക്ക് പാരിതോഷികമായി ലഭിച്ചതും' എന്ന് പറയുന്നു. അയാൾ സത്യസന്ധനാണെങ്കിൽ, തന്റെ വീട്ടിലിരുന്നാൽ തന്നെ ഈ പാരിതോഷികം ലഭിക്കുമായിരുന്നല്ലോ." (ബുഖാരി, മുസ്ലിം, അബൂദാവൂദ്)

**നീതിക്കും** സത്യസന്ധതക്കും നിരക്കാത്ത പലതരം ദുർവൃത്തികൾ വ്യാപകമായിട്ടുള്ള വർത്തമാന കാലലോകത്ത് ഏറെ പ്രസക്തമാണീ പ്രവാചക വചനം. സകലമാന അഴിമതികളെയും അധികാര ദുർവിനിയോഗത്തെയും എത്ര ഗൗരവത്തോടെയാണ് ഇസ്ലാം നോക്കിക്കാണുന്നതെന്ന് ഈ ഹദീസ് നമ്മെ പഠിപ്പിക്കുന്നു.

അധികാരം കൈയിലുള്ളപ്പോൾ അതുമായി ബന്ധപ്പെട്ട് ആളുകളിൽനിന്ന് ലഭിക്കുന്ന പാരിതോഷികങ്ങൾ പോലും അന്യായമായ സമ്പാദ്യമാണെന്നും സത്യസന്ധതക്കും നീതിക്കും വിരുദ്ധമാണെന്നുമാണ് ഹദീസിന്റെ താൽപര്യം. അധികാരം കൈവശമില്ലാതെ വീട്ടിലിരുന്നാൽ ലഭിക്കാത്ത ഒരു സമ്മാനം അധികാരത്തിന്റെ പിൻബലത്തിൽ ലഭിക്കുന്നുവെങ്കിൽ, അതുപോലും അധികാര ദുർവിനിയോഗവും അന്യായമായ സമ്പാദ്യവുമാണെന്ന് പറയുമ്പോൾ, മറ്റു വിധത്തിലുള്ള അഴിമതികളും സാമ്പത്തിക ക്രമക്കേടുകളും എന്ത് മാത്രം വലിയ തെറ്റും കുറ്റവുമാണെന്ന് ഊഹിക്കാവുന്നതാണ്. മറ്റൊരിക്കൽ പ്രവാചകൻ(സ) പറഞ്ഞു: "ഉദ്യോഗസ്ഥന്മാർക്കും ഭരണാധികാരികൾക്കും ലഭിക്കുന്ന കാഴ്ചകൾ വഞ്ചനയാണ്" (അഹ്മദ്)

ഇസ്ലാമിക ദൃഷ്ട്യാ സാമ്പത്തിക ഇടപാടുകൾ അനുവദനീയമാകുന്നത് നാല് മാർഗങ്ങളിലൂടെയാണ്. ഒന്ന്, യാതൊരുവിധ നിർബന്ധിതാവസ്ഥയുമില്ലാതെ, സംതൃപ്തിയോടും താൽപര്യത്തോടും കൂടിയുള്ള ദാനം. രണ്ട്, പരസ്പരം ഇഷ്ടപ്പെട്ട് നടത്തുന്ന കച്ചവടം. മൂന്ന്, പരസ്പര നിശ്ചയ പ്രകാരം സേവനത്തിന് നിശ്ചയിക്കുന്ന കൂലി അല്ലെങ്കിൽ ശമ്പളം. നാല്, ഒരാളിൽനിന്ന് മറ്റൊരാൾക്ക് ലഭിക്കുന്ന അനന്തരാവകാശം.

അഴിമതിയെയും അധികാര ദുർവിനിയോഗത്തെയും സംബന്ധിച്ച് ശക്തമായ താക്കീതുകൾ നൽകുന്ന പ്രവാചക വചനങ്ങൾ വേറെയുമുണ്ട്.

ബുറൈദ(റ)യിൽനിന്ന്. നബി(സ) പറഞ്ഞു: "നാമാരെയെങ്കിലും ഒരു ജോലിക്ക് നിശ്ചയിക്കുകയും അതിന് ശമ്പളം കൊടുക്കുകയും ചെയ്ത ശേഷം അതിന് പുറമെ അയാൾ വാങ്ങുന്നതെന്തും വഞ്ചനയാണ്" (അബൂദാവൂദ്).

നബി(സ) അരുൾ ചെയ്തതായി റുവൈഫിഉബ്നു സാബിത്തുൽ അൻസാരി(റ) പറയുന്നു: "ആരെങ്കിലും അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നുവെങ്കിൽ പൊതുസ്വത്തിൽനിന്ന് ഒരു മൃഗത്തെ വാഹനമായി ഉപയോഗിക്കുകയും ഉപയോഗ ശൂന്യമാകുമ്പോൾ മടക്കിക്കൊടുക്കുകയും ചെയ്യുന്ന സമ്പ്രദായമുപേക്ഷിക്കട്ടെ. ആരെങ്കിലും അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നുവെങ്കിൽ പൊതുസ്വത്തിൽനിന്ന് ഒരു വസ്ത്രമെടുത്ത് ധരിക്കുകയും എന്നിട്ടത് കീറുമ്പോൾ മടക്കിക്കൊടുക്കുകയും ചെയ്യുന്ന സമ്പ്രദായമുപേക്ഷിക്കട്ടെ" (അബൂദാവൂദ്).

നബി(സ) പറഞ്ഞതായി അദിയ്യിബ്നു ഉമൈറത്തുൽ കിൻദി റിപ്പോർട്ട് ചെയ്യുന്നു: "ജനങ്ങളേ, നിങ്ങളിലാരെങ്കിലും നമ്മുടെ ഭരണത്തിൽ ഏതെങ്കിലും കൃത്യനിർവഹണത്തിന് നിയുക്തനായി, ഒരു നൂലോ അതിനേക്കാൾ നിസ്സാരമായതോ പോലും ഒളിച്ചുവെച്ച് ഉപയോഗിക്കുകയാണെങ്കിൽ, അന്ത്യനാളിൽ അതിന്റെ ഭാരവും ചുമന്നുകൊണ്ടാണവൻ വരിക" (അബൂദാവൂദ്).

ശതകോടികളുടെ വമ്പൻ അഴിമതികളുടെ പരമ്പരകൾ തന്നെ നടന്നുകൊണ്ടിരിക്കുകയും പഞ്ചായത്ത് മുതൽ ജുഡീഷ്യറിയുൾപ്പെടെ അഴിമതിയിൽ മുങ്ങിക്കുളിച്ച് നിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഏറെ പ്രസക്തിയുണ്ടീ നബി വചനങ്ങൾക്ക്. ■